"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകപ്പ് - ഹെൽത്ത് സർവീസസ് -ജീവനക്കാര്യം - ശ്രീമതി. എലിസബത്ത് തോമസ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I ഫയൽ ചെയ്ത O.A.(EKM) 250/2026 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17/04/2026 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1953/2026/H&FWD തീയതി,തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. ശ്രീമതി. എലിസബത്ത് തോമസ് സമർപ്പിച്ച 08.04.2026 തീയതിയിലെ നിവേദനം (Annexure A11)
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM) 250/2026 നമ്പർ കേസിലെ 17/04/2026 തീയതിയിലെ അന്തിമ ഉത്തരവ്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 22-05-2026 തീയതിയിലെ DHS/5312/2026-FWA4 നമ്പർ കത്ത്

**ഉത്തരവ്**

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II തസ്തികയിൽ എറണാകുളം ജില്ലയിലെ മുടക്കുഴ കുടുംബാരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്തു വരവേ ശ്രീമതി. എലിസബത്ത് തോമസിന് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിയമിച്ചിരുന്നു. സ്ഥാനക്കയറ്റം നൽകിയപ്പോൾ എറണാകുളം ജില്ലയിൽ നിയമിക്കാതിരുന്നതിന് എതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.(EKM) 250/2026 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ Annexure-A11 നിവേദനം പരിഗണിച്ച് കോടതി ഉത്തരവ് ലഭിച്ച് ഒരു മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. പരാമർശം (2) പ്രകാരമുള്ള ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ,

ശ്രീമതി. എലിസബത്ത് തോമസ് സമർപ്പിച്ച അനുബന്ധം A11 നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പരാമർശം (3) റിപ്പോർട്ട് പ്രകാരം, ശ്രീമതി. എലിസബത്ത് തോമസിന് ജെ.പി.എച്ച്.എൻ. ഗ്രേഡ്- 1 തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച സമയത്ത് എറണാകുളം ജില്ലയിൽ ഒഴിവുകൾ ലഭ്യമല്ലാതിരുന്നതിനാലാണ് കോഴിക്കോട് ജില്ലയിൽ നിയമിച്ചുകൊണ്ട് ഉത്തരവായത്. കോഴിക്കോട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിനെതിരെ, ടി ജീവനക്കാരി എറണാകുളം ജില്ലയിൽ ഒഴിവുകൾ നിലനിൽക്കുന്നു എന്നു ചൂണ്ടിക്കാട്ടി, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ , സഹതാപാർഹമായ പരിഗണന നല്കി മാതൃജില്ലയിലേക്കോ അടുത്ത ജില്ലകളിലേക്കോ സ്ഥലം മാറ്റം നല്കണമെന്ന് അഭ്യർത്ഥിച്ചാണ് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തത്. പൊതുസ്ഥലംമാറ്റ, സ്ഥാനക്കയറ്റ ചട്ടങ്ങൾ അനുസരിച്ചാണ് ശ്രീമതി. എലിസബത്ത് തോമസ്-ന് ജെ.പി.എച്ച്.എൻ ഗ്രേഡ്-1 തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയതെന്നും മാതൃ ജില്ലയിൽ ഒഴിവില്ലാത്തതിനാലാണ് കോഴിക്കോട് ജില്ലയിൽ നിയമനം നൽകിയതെന്നും ആരോഗ്യ വകുപ്പു ഡയറക്ടർ അറിയിക്കുകയുണ്ടായി. എന്നാൽ നിലവിൽ എറണാകുളം ജില്ലയിൽ ജെ.പി.എച്ച്.എൻ ഗ്രേഡ്- 1 തസ്തികയിൽ ഒഴിവുള്ള വിവരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ശ്രീമതി. എലിസബത്ത് തോമസിന് എറണാകുളം ജില്ലയിലെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലമാറ്റം നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, ശ്രീമതി. എലിസബത്ത് തോമസിന് എറണാകുളം ജില്ലയിൽ നിലവിലുള്ള ഒഴിവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് - I തസ്തികയിൽ നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽ കിക്കൊണ്ട്, ശ്രീമതി. എലിസബത്ത് തോമസ് സമർപ്പിച്ച അനുബന്ധം A11 അപ്പീൽ തീർപ്പാക്കി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM) 250/2026 നമ്പർ കേസിലെ 17.04.2026 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ് ജുള ജി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ശ്രീമതി എലിസബത്ത് തോമസ്,ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I
മഞ്ചാംകുടി വീട് , മുടക്കുഴ പി.ഓ., പെരുമ്പാവൂർ ,എറണാകുളം. പിൻ -683546.
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Rekha Johnson
Date: 08-06-2026 14:53:26

സെക്ഷൻ ഓഫീസർ